## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5531.

18.11.2019 ൽ
മറുപടിക്ക്

### മോട്ടോർ ട്രാൻസ്പോർട്ട് വിംഗിൽ തസ്തിക സൃഷ്ടിക്കൽ

<table>
<tr><th>ചോദ്യം<br><br>ശ്രീ.പി.കെ.ബഷീർ</th><th></th><th>മറുപടി<br><br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി)</th></tr>
<tr><td>(എ) സംസ്ഥാനത്ത് പോലീസ് വകുപ്പിലെ മോട്ടോർ ട്രാൻസ്പോർട്ട് വിംഗിൽ നിലവിൽ എത്ര ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നുണ്ട്; കാറ്റഗറി തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;</td><td>(എ)</td><td>കേരളാ പോലീസ് വകുപ്പിലെ മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിൽ അനുവദിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>തസ്തിക</th><th>എണ്ണം</th></tr>
<tr><td>എസ്.പി (എം.റ്റി)</td><td>1</td></tr>
<tr><td>എ.ഡി (എം.റ്റി)</td><td>1</td></tr>
<tr><td>ഡി.വൈ.എസ്.പി(എം.റ്റി)</td><td>5</td></tr>
<tr><td>എം.റ്റി.ഐ</td><td>7</td></tr>
<tr><td>എം.റ്റി.എസ്.ഐ</td><td>7</td></tr>
<tr><td>എച്ച്.സി മെക്കാനിക്ക്</td><td>30</td></tr>
<tr><td>പി.സി മെക്കാനിക്/ഫിറ്റർ</td><td>61</td></tr>
<tr><td>ഇലക്ട്രീഷ്യൻ</td><td>35</td></tr>
<tr><td>പെയിന്റർ</td><td>26</td></tr>
<tr><td>കാർപെന്റർ</td><td>37</td></tr>
<tr><td>ബ്ലാക്ക് സ്മിത്ത്</td><td>13</td></tr>
</table></td></tr>
<tr><td>(ബി) പ്രസ്തുത വകുപ്പിൽ പോലീസ് വാഹനങ്ങൾക്ക് അനുസൃതമായി സബ് ഇൻസ്പെക്ടർമാരും ഇൻസ്പെക്ടർമാരും മറ്റ് ഉദ്യോഗസ്ഥരും നിലവിലുണ്ടോ; ജില്ല തിരിച്ച് എണ്ണം വെളിപ്പെടുത്തുമോ ;</td><td>(ബി)</td><td>പോലീസ് വകുപ്പിലെ വാഹനങ്ങളുടെ ശരിയായ പരിപാലനത്തിനായി സാങ്കേതിക പരിജ്ഞാനമുള്ള<br><br>• രണ്ട് എസ്.പി-മാരുടെയും [എസ്.പി (എം.റ്റി), പി.എച്ച്.ക്യൂ എ.ഡി (എം.റ്റി), KEPA]<br><br>• 5 ഡി.വൈ.എസ്.പി(എം.റ്റി)മാരുടെയും (തിരുവനന്തപുരം റേഞ്ച്, കൊച്ചി റേഞ്ച്, കണ്ണൂർ റേഞ്ച്, ഐ.ആർ ബറ്റാലിയൻ, പി.എച്ച്.ക്യൂ)<br><br>• 7 മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടർമാരുടെയും (തിരുവനന്തപുരം സിറ്റി, കൊച്ചി സിറ്റി, കോഴിക്കോട് സിറ്റി, ക്രൈം ബ്രാഞ്ച് ആസ്ഥാനം, ഐ.ആർ ബറ്റാലിയൻ, കേരള പോലീസ് അക്കാദമി, എം.എസ്.പി റേഞ്ച് വർക്ക് ഷോപ്പ്)</td></tr>
</table>

| | | |
|---|---|---|
| | | • 7 **മോട്ടോർ ട്രാൻസ്പോർട്ട് സബ് ഇൻസ്പെക്ടർമാരുടെയും** (കൊല്ലം സിറ്റി, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ സിറ്റി, പാലക്കാട്, കണ്ണൂർ, ആർ.ആർ.ആർ.എഫ്)<br>തസ്തിക അനുവദിച്ചിട്ടുണ്ട്. കൂടാതെ, ടി ഉദ്യോഗസ്ഥരെ വാഹന പരിപാലന കാര്യത്തിൽ സഹായിക്കുന്നതിലേയ്ക്കായി പോലീസ് ജില്ലകളിലും, ബറ്റാലിയനുകളിലും, സ്പെഷ്യൽ യൂണിറ്റുകളിലുമായി 30 ഡ്രൈവർ എസ്.ഐ മാരെ നിയമിച്ചിട്ടുണ്ട്. ഇതിനു പുറമെ, 17.01.2017 ലെ സ.ഉ(കൈ) 07/2017/ ആഭ്യന്തരം പ്രകാരം പോലീസ് വകുപ്പിൽ സൃഷ്ടിച്ച 400 പോലീസ് കോൺസ്റ്റബിൾ ഡ്രൈവർമാരിൽ നിന്നും 38 എണ്ണം ഡ്രൈവർ ഹെഡ് കോൺസ്റ്റബിൾ തസ്തികയായും 19 എണ്ണം ഡ്രൈവർ എ.എസ്.ഐ തസ്തികയായും അപ്ഗ്രേഡ് ചെയ്തുകൊണ്ട് 06.03.2019 ലെ സ.ഉ(കൈ) 28/2019/ആഭ്യന്തരം പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (സി) മോട്ടോർ വാഹന വിംഗിൽ സബ് ഇൻസ്പെക്ടർമാരുടെയും ഇൻസ്പെക്ടർമാരുടെയും തസ്തികകൾ പുതുതായി സൃഷ്ടിച്ചതെന്നാണ്; അറിയിക്കുമോ; | (സി) | 1995 ൽ ആർ.ആർ.ആർ.എഫ്-ൽ എം.റ്റി എസ്.ഐ മാരുടെ തസ്തികയും, 2012 ൽ ഐ.ആർ ബറ്റാലിയനിൽ എം.റ്റി.ഐ-യുടെ തസ്തികയുമാണ് അവസാനമായി സൃഷ്ടിച്ചിട്ടുള്ളത്. |
| (ഡി) വാഹനങ്ങൾക്ക് ആനുപാതികമായി പ്രസ്തുത തസ്തികകൾ ഇല്ലെങ്കിൽ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ഡി) | പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ, പുതിയ വാഹനങ്ങളെല്ലാം AMC (Annual Maintenance Contract) വ്യവസ്ഥയിലാണ് വാങ്ങുന്നത്. ആയതിനാൽ ഈ വാഹനങ്ങളുടെ റിപ്പയർ അതാത് കമ്പനികളിൽ നിക്ഷിപ്തമാണ്. |
| (ഇ) പോലീസിലെ മോട്ടോർ ട്രാൻസ്പോർട്ട് വിംഗ് നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | (ഇ) | പോലീസ് വകുപ്പിൽ കാലപ്പഴക്കം ചെന്ന വാഹനങ്ങൾ മാറ്റി പുതിയ വാഹനങ്ങൾ വാങ്ങുന്നതിന്, 13.11.2019 ലെ സ.ഉ(സാധാ) നം. 3207/2019/ ആഭ്യന്തരം പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ